100 വർഷങ്ങൾ
നാല് തലമുറകൾ

9 ഫെബ്രുവരി 2011
1186 മകരം 26 ബുധൻ
തിരുവനന്തപുരം
പേജ് 14, വില ₹ 4.00

സ്പോർട്സ്
ആസ്ട്രേലിയൻ ടീമിൽനിന്ന് ഹസി പുറത്തായി

ബിസിനസ്
സ്വർണ്ണത്തിന് വില കുറഞ്ഞു

പേജ് 11
സൗമ്യയുടെ ദുരന്തം ഒ.എൻ.വി കവിതയുടെ പശ്ചാത്തലത്തിൽ

Founder Editor : K. Sukumaran B. A.

www.keralakaumudi.com
news@keralakaumudi.com
help desk @ 9645089898

കേരളകൗമുദി

തിരുവനന്തപുരം | കൊല്ലം | ആലപ്പുഴ | കോട്ടയം | കൊച്ചി | തൃശൂർ | കോഴിക്കോട് | കണ്ണൂർ | ബാംഗ്ലൂർ

യഥാർത്ഥ പത്രധർമ്മത്തിന്റെ യൗവനം

ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റ് പ്രസിഡന്റായ സ്വാമി പ്രകാശാനന്ദ ശ്രീനാരായണ ഗുരുദേവനിൽ നിന്ന് ആരംഭിച്ച വലിയൊരു സന്യാസ പാരമ്പര്യത്തിന്റെ പ്രതീകമാണ്. വന്ദ്യവയോധികനായ അദ്ദേഹം 'കേരളകൗമുദി'യെക്കുറിച്ച് പറയുന്നു:

സ്വാമി പ്രകാശാനന്ദ

ഏറ്റവും ശക്തിയേറിയ ആയുധമാണ് വാക്കുകൾ. വാക്കുകളുടെ ശക്തിയും ശേഷിയും തിരിച്ചറിഞ്ഞ് അവ വേണ്ടവിധം പ്രയോഗിക്കുന്നതിൽ കേരളകൗമുദിക്കുള്ള പാരമ്പര്യം സവിശേഷമാണ്. ആ പാരമ്പര്യത്തിന്റെ നാലുതലമുറയാണ് കേരളകൗമുദിയെ മലയാളത്തിലെ മറ്റു പത്രങ്ങളിൽ നിന്ന് വേറിട്ടതാക്കുന്നത്.

നൂറാം വയസ്സിലും യഥാർത്ഥ പത്രധർമ്മത്തിന്റെ യൗവനം നിലനിറുത്തുന്ന പത്രമാണ് കേരളകൗമുദി. ഒരു മാദ്ധ്യമം എന്നതിനപ്പുറം അവശ ജനവർഗ്ഗോദ്ധാരണത്തിന്റെ പടവാളായും സാമൂഹികനീതിക്കുവേണ്ടിയുള്ള യോദ്ധാവായും കേരളസമൂഹത്തിൽ മാറ്റത്തിന്റെ വേലിയേറ്റങ്ങൾ സൃഷ്ടിക്കുവാൻ കേരളകൗമുദിക്ക് കഴിഞ്ഞിട്ടുണ്ട്. കേരളത്തിന്റെ ചരിത്രത്തിൽ നിന്ന് കേരളകൗമുദിയുടെ ചരിത്രത്തെയോ, കേരളകൗമുദിയുടെ ചരിത്രത്തിൽ നിന്ന് കേരളത്തിന്റെ ചരിത്രത്തെയോ വേർതിരിച്ചെടുക്കാനാവുകയില്ല. അത്രമേൽ ഇടപഴകി കേരളവും കേരളകൗമുദിയും നിലകൊള്ളുന്നു.

കേരളത്തിന്റെ ചിരിയും ചിന്തയും ആവശ്യവും ആവലാതിയും ഉത്കണ്ഠയും ഗതിയും വേഗതയുമെല്ലാം കേരളകൗമുദിക്ക് അടുത്തറിയുവാൻ കഴിയുന്നതുകൊണ്ടാണ് കേരളത്തിന്റെയും മലയാളിയുടെയും ഹൃദയത്തുടിപ്പായി കേരളകൗമുദിക്കു നിലകൊള്ളുവാൻ സാധിക്കുന്നത്.

കേരളകൗമുദിയുടെ എഡിറ്റോറിയലുകളെ സവിശേഷവും ശക്തവുമാക്കിത്തീർക്കുന്നത് ആവിഷ്കരണശക്തിയും നിലപാടുകളുമാണെങ്കിലും അതിന്റെ ശിരസ്ഥാനത്ത് നിലകൊള്ളുന്ന ഗുരുവചനത്തിന്റെ സ്രോതസ്സാണ് അതിനെ പ്രകാശിപ്പിക്കുന്നത്. ഈ പ്രകാശധാരയിൽ ഗുരുധർമ്മവും പത്രധർമ്മവും ഏകോപിപ്പിച്ചുകൊണ്ട് മുന്നേറുവാൻ കേരളകൗമുദിക്ക് എക്കാലവും കഴിയട്ടെയെന്ന് ഗുരുദേവനാമത്തിൽ പ്രാർത്ഥിക്കുന്നു.

ലക്ഷദ്വീപ്മേഖലയിലെ കടൽ കൊള്ളക്കാർക്ക് പാക്ബന്ധം

എം.എസ്. സജീവൻ

കൊച്ചി : ലക്ഷദ്വീപ് മേഖലയിൽ ചുറ്റിത്തിരിയുന്ന സൊമാലിയൻ കടൽക്കൊള്ളക്കാർക്ക് പാകിസ്ഥാനുമായി ബന്ധമുണ്ടെന്ന സംശയം ബലപ്പെട്ടു.

ലക്ഷദ്വീപ് മേഖലയിൽ ഇന്ത്യൻ നാവിക സേനയും കോസ്റ്റ് ഗാർഡും വിവിധ രഹസ്യാന്വേഷണ ഏജൻസികളും നടത്തിയ അന്വേഷണത്തിന്റെ പശ്ചാത്തലത്തിലാണ് സംശയം ബലപ്പെട്ടത്. കഴിഞ്ഞ ഞായറാഴ്ച പിടിയിലായ കടൽക്കൊള്ളക്കാരെ മുംബയിൽ എത്തിച്ചിട്ടുണ്ട്. ഇവരെ വിശദമായി ചോദ്യം ചെയ്യുമ്പോൾ വ്യക്തമായ ഒരു ചിത്രം ലഭിക്കുമെന്നാണ് പ്രതീക്ഷ.

ഏദൻ കടലിടുക്കു മേഖലയിൽ അന്താരാഷ്ട്ര നാവികസംഘങ്ങൾ നിരീക്ഷണം ശക്തമാക്കിയത് പ്രവർത്തനമേഖല മാറ്റാൻ സൊമാലിയൻ കടൽക്കൊള്ളക്കാരെ പ്രേരിപ്പിച്ചിരുന്നു. പക്ഷേ, ലക്ഷദ്വീപ് പരിസരം അവർക്ക് മേയാൻ കഴിയുന്ന സമുദ്ര പരിധിക്കും പുറത്തുകിടക്കുകയാണ്. മാത്രമല്ല, ഇന്ത്യൻ നാവികസേനയെയും കോസ്റ്റ് ഗാർഡിനെയും നേരിടുക ആത്മഹത്യാപരവുമാണ്. എന്നിട്ടും സൊമാലിയൻ കടൽക്കൊള്ളക്കാർ ലക്ഷദ്വീപ് മേഖല വരെ എത്തിയതാണ് ഒരു ബാഹ്യപ്രേരണ കൂടിയുണ്ടെന്ന സംശയം സൃഷ്ടിക്കുന്നത്.

ലക്ഷദ്വീപ് മേഖലയിലെ കടൽക്കൊള്ളക്കാരുടെ സാന്നിദ്ധ്യം വെറും കവർച്ചാഭീഷണിയിൽ ഒതുങ്ങുകയില്ല. ഇന്ത്യൻ സമുദ്രമേഖല ചരക്കു കപ്പലുകൾക്ക് സുരക്ഷിതമല്ലെന്ന ധാരണയാണ് ഇത് സൃഷ്ടിക്കുക. ചരക്കുകപ്പലുകൾ വഴിതിരിച്ചുവിട്ടേക്കും. ട്രാൻസ്ഷിപ്മെന്റ് ടെർമിനലായി വിഭാവന ചെയ്തിട്ടുള്ള വിഴിഞ്ഞം തുറമുഖ പദ്ധതിയെ പോലും ഇത് പ്രതികൂലമായി ബാധിച്ചേക്കും.

ലക്ഷദ്വീപ് മേഖലയിൽ നാവികസേനയും കോസ്റ്റ് ഗാർഡും നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്. ലക്ഷദ്വീപിൽ കോസ്റ്റ് ഗാർഡിന്റെ രണ്ടു സ്റ്റേഷനുകൾ പ്രതിരോധ മന്ത്രി എ.കെ. ആന്റണി നേരിട്ടെത്തി ഉദ്ഘാടനം ചെയ്തത് തന്നെ ഭീഷണിയുടെ ഗുരുതരസ്വഭാവം സൂചിപ്പിക്കുന്നു.

കൊള്ളക്കാർ രണ്ടുമാസം മുമ്പ് തട്ടിയെടുത്ത തായ്ലൻഡ് കപ്പലായ 'പ്രാന്തലായി- 12' ലക്ഷദ്വീപ് മേഖലയിൽ തന്നെയുണ്ടെന്നാണ് അനുമാനം. ഈ കപ്പലിനെ കണ്ടെത്താനുള്ള തീവ്രശ്രമം നടന്നുവരുന്നു.

കടൽക്കൊള്ളക്കാരുടെ വിഹാരമേഖല
ലക്ഷദ്വീപ് മേഖല

സൂചനകൾ

- സൊമാലിയയിൽ നിന്ന് 2300 കിലോമീറ്റർ അകലെ ലക്ഷദ്വീപിൽ കൊള്ളക്കാർ എത്തണമെങ്കിൽ ഒരു ബാഹ്യപ്രേരണ വേണം.
- എ.കെ 47 റൈഫിൾ, റോക്കറ്റ് ലോഞ്ചർ തുടങ്ങി പാക് ഭീകരർ ഉപയോഗിക്കുന്ന ആയുധങ്ങളാണ് സൊമാലിയൻ കൊള്ളക്കാരുടെയും കൈയിൽ.
- സെക്യൂരിറ്റി പ്രസിൽ ഇന്ത്യൻ കറൻസി അച്ചടിച്ച് രഹസ്യമായി എത്തിക്കുന്ന പാകിസ്ഥാന്റെ ഉന്നങ്ങളിൽ ഒന്ന് ഇന്ത്യൻ സമ്പദ്രംഗമാണ്.

കടൽക്കൊള്ളക്കാർക്കു പിന്നിൽ വൻശക്തികൾ: ആന്റണി-പേജ് 11

പാകിസ്ഥാനുമായുള്ള ഉന്നതതല ബന്ധങ്ങൾ അമേരിക്ക നിറുത്തിവച്ചു

വാഷിംഗ്ടൺ : റെയ്മണ്ട് ഡേവിസിനെ മോചിപ്പിക്കണമെന്ന ആവശ്യം ചെവിക്കൊള്ളാത്ത പാകിസ്ഥാനുമായുള്ള ഉന്നതതല ബന്ധങ്ങൾ അമേരിക്ക നിറുത്തിവച്ചു.

അടുത്തമാസം അമേരിക്ക സന്ദർശിക്കാനിരുന്ന പാക് പ്രസിഡന്റ് അസിഫ് അലി സർദാരിയോട് 'ഇങ്ങോട്ടു വരേണ്ട' എന്ന് ഒബാമ ഭരണകൂടം നിർദ്ദേശിക്കുംവിധം വഷളായിരിക്കുകയാണ് ഇരുരാജ്യങ്ങളും തമ്മിലുള്ള ബന്ധം. മ്യൂണിക്കിൽ സുരക്ഷാസമ്മേളനത്തിനിടെ പാക് വിദേശകാര്യ മന്ത്രി ഷാ മെഹ്മൂദുമായി യു.എസ് സ്റ്റേറ്റ് സെക്രട്ടറി ഹിലാരി ക്ലിന്റൻ ചർച്ച നടത്താനിരുന്നതാണ്. അതും വേണ്ടെന്നുവച്ചു.

പാകിസ്ഥാന് നൽകിവരുന്ന എല്ലാ സഹായങ്ങളും പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടുവരികയാണ് യു.എസ് കോൺഗ്രസ് അംഗങ്ങൾ.

ഡേവിസിന്റെ മോചനത്തിന് സമ്മർദ്ദം ചെലുത്തുകയാണ് ഉന്നതതല ബന്ധങ്ങൾ നിറുത്തിവച്ചതിലൂടെ അമേരിക്ക ലക്ഷ്യമിടുന്നത്. പക്ഷേ, എത്ര സമ്മർദ്ദമുണ്ടായാലും ഡേവിസിനെ ഉടൻ വിട്ടയയ്ക്കാൻ പറ്റാത്ത അവസ്ഥയിലാണ് പാക് ഭരണകൂടം. ഡേവിസിനെ വിട്ടയയ്ക്കുന്നതിനെതിരായ ജനവികാരം പാകിസ്ഥാനിൽ അതിശക്തമാണ്.

വിശദറിപ്പോർട്ട്-പേജ് 11

ശ്രീശാന്ത് ലോകകപ്പ് ടീമിൽ

മുംബയ് : പരിക്കേറ്റ പ്രവീൺകുമാറിനു പകരം മലയാളിതാരം എസ്. ശ്രീശാന്ത് ക്രിക്കറ്റ് ലോകകപ്പിനുള്ള ഇന്ത്യൻ ടീമിൽ ഇടം നേടി. കൈമുട്ടിനു പരിക്കേറ്റ പ്രവീൺ ലോകകപ്പിനു മുമ്പ് സുഖം പ്രാപിക്കില്ലെന്ന് ബോദ്ധ്യമായതിനെത്തുടർന്നാണിത്. 2007ൽ വെസ്റ്റിൻഡീസിൽ നടന്ന ലോകകപ്പ് ടീമിൽ ശ്രീശാന്ത് ഉണ്ടായിരുന്നെങ്കിലും കളത്തിൽ ഇറങ്ങിയിരുന്നില്ല.

ടു-ജി സ്പെക്ട്രം : ജെ.പി.സി അന്വേഷണത്തിന് സാദ്ധ്യത

ആർ. കിരൺബാബു

ന്യൂഡൽഹി : ടു-ജി സ്പെക്ട്രം അഴിമതിയെക്കുറിച്ച് സംയുക്ത പാർലമെന്ററി സമിതി (ജെ.പി.സി) അന്വേഷിക്കണമെന്ന പ്രതിപക്ഷത്തിന്റെ ആവശ്യത്തിന് സർക്കാർ വഴങ്ങിയേക്കും.

പാർലമെന്റിന്റെ സുഗമമായ നടത്തിപ്പാണ് സർക്കാരിന് ഏറ്റവും പ്രധാനമെന്ന് ധനകാര്യമന്ത്രി പ്രണബ് മുഖർജി സർവകക്ഷി യോഗത്തിൽ പ്രഖ്യാപിച്ചതോടെയാണ് ജെ.പി.സിക്കു സാദ്ധ്യത തെളിഞ്ഞത്.

ഈ മാസം 21 ന് ആരംഭിക്കുന്ന ബഡ്ജറ്റ് സമ്മേളനത്തിന് മുന്നോടിയായിട്ടായിരുന്നു സർവകക്ഷി യോഗം.

ടു-ജി സ്പെക്ട്രം ലൈസൻസ് വിതരണത്തിൽ ക്രമക്കേടു കണ്ടെത്തിയ സി.എ.ജി റിപ്പോർട്ട് ജെ.പി.സി അന്വേഷിക്കണോ എന്ന വിഷയത്തിൽ പാർലമെന്റിൽ ചർച്ച നടത്താമെന്ന നിർദ്ദേശം പ്രണബ് മുഖർജി പ്രതിപക്ഷ നേതാക്കൾക്ക് മുന്നിൽ വയ്ക്കുകയായിരുന്നു. ഇതിനുശേഷം ജെ.പി.സി ആവശ്യത്തിൽ അനുകൂല തീരുമാനം എടുക്കാമെന്നാണ് ധാരണ.

ജെ.പി.സി അന്വേഷണം പാർലമെന്റിനു പുറത്തു പ്രഖ്യാപിക്കുന്നത് അവകാശ ലംഘനമാവും, അതിനാൽ ചർച്ചയ്ക്കു ശേഷമേ പ്രഖ്യാപനം സാധ്യമാകൂ എന്നും മുഖർജി അറിയിച്ചു.

ഭരണപക്ഷത്തിനും പ്രതിപക്ഷത്തിനും ഇടയിലുള്ള മഞ്ഞുരുകുകയാണെന്നും പാർലമെന്റ് സ്തംഭിക്കുന്ന അവസ്ഥയ്ക്ക് അടുത്ത സമ്മേളനത്തിനുമുമ്പ് പരിഹാരം ഉണ്ടാകുമെന്നും ചർച്ചയ്ക്കു ശേഷം മുഖർജി പറഞ്ഞു. ജെ.പി.സി ആവശ്യത്തിൽ ഉറച്ചു നിൽക്കുമ്പോൾ തന്നെ സഭ തടസ്സപ്പെടരുത് എന്ന കാര്യത്തിൽ ഭരണപക്ഷവും പ്രതിപക്ഷവും ഒരേ അഭിപ്രായക്കാരാണെന്ന് ലോക്സഭയിലെ പ്രതിപക്ഷ നേതാവ് സുഷമാ സ്വരാജ് പറഞ്ഞു.

ഈ മാസം 21 ന് സഭാ സമ്മേളനം ആരംഭിച്ച് അടുത്ത ദിവസം തന്നെ ജെ.പി.സി പ്രമേയം സഭയിൽ അവതരിപ്പിക്കും. പ്രമേയം വോട്ടിനിടണോ എന്നത് അടക്കമുള്ള വിഷയങ്ങൾ പിന്നീട് തീരുമാനിക്കും. സഭാ സമ്മേളനം ആരംഭിക്കും മുമ്പ് ഒരിക്കൽക്കൂടി സർവകക്ഷി യോഗം ചേരാനും ധാരണയായിട്ടുണ്ട്.

എസ് ബാൻഡ് ആരോപണത്തിൽ കഴമ്പില്ല-പേജ് 11

ഐസ്ക്രീം: സഭയിൽ അടി പൊട്ടുമായിരുന്നു

പ്രത്യേക ലേഖകൻ

തിരുവനന്തപുരം : നിയമസഭയിൽ ഇന്നലെ അടി പൊട്ടുന്നത് ഒരു തലനാരിഴയ്ക്കാണ് ഒഴിവായത്.

ഐസ്ക്രീം കേസിൽ പി.കെ. കുഞ്ഞാലിക്കുട്ടി തെറ്റുകാരനാണെന്ന് തെളിഞ്ഞിരിക്കുകയാണെന്ന് കെ.കെ. ശൈലജ പറഞ്ഞു. ഉടനേ ഇത് തിരുത്തി ജനങ്ങളുടെ മനസ്സിൽ കുറ്റക്കാരനാണെന്ന് തെളിഞ്ഞിരിക്കുകയാണെന്നു പറഞ്ഞു.

എവിടെ തെളിഞ്ഞു എന്ന് ചോദിച്ചുകൊണ്ട് മുസ്ലിംലീഗിലെ അബ്ദുറഹ്മാൻ രണ്ടത്താണി ചാടിയെണീറ്റു ചൂടായി. ലീഗിലെ തന്നെ മുഹമ്മദുണ്ണിഹാജിയും ഒപ്പം കൂടി.

പ്രതിപക്ഷം ബഹളംവയ്ക്കുന്നതിനിടെ വി. ശിവൻകുട്ടി എഴുന്നേറ്റ് രണ്ടത്താണിയോട് അവിടിരിക്കാൻ പറഞ്ഞു. കുഞ്ഞാലിക്കുട്ടി, റജീന, ഐസ്ക്രീം എന്നൊന്നും എന്താ സഭയിൽ പറഞ്ഞുകൂടേ എന്നും ശിവൻകുട്ടി വിളിച്ചു ചോദിക്കുന്നുണ്ടായിരുന്നു.

ഏത് കോടതിയിലാണ് കുഞ്ഞാലിക്കുട്ടി പ്രതി എന്ന് ചോദിച്ചുകൊണ്ട് രണ്ടത്താണി തിളച്ചു. കൂടുതൽ ചാടണ്ട അവിടിരുന്നാമതി എന്ന് ശിവൻകുട്ടി കടുപ്പിച്ച് പറഞ്ഞു. ഇതിന് മറുപടിയായി രണ്ടത്താണി എന്തോ പറഞ്ഞുകൊണ്ട് ഒരു ചേഷ്ട കാട്ടി. അത് ശിവൻകുട്ടിയെ പ്രകോപിതനാക്കി. ശിവൻകുട്ടി രണ്ടത്താണിയുടെ നേരേ പാഞ്ഞടുത്തു. ബാബു എം. പാലിശ്ശേരിയും പി. കൃഷ്ണപ്രസാദും ഉൾപ്പെടെയുള്ള ഭരണകക്ഷി അംഗങ്ങളും ഓടി അടുത്തു. പ്രതിപക്ഷത്തുള്ളവരും കൂട്ടംകൂടി മുന്നോട്ടു വന്നു. ഇതിനിടെ മന്ത്രി സുരേന്ദ്രൻപിള്ള ഇടയിൽ നിന്ന് ഇരുകൂട്ടരെയും കൈ ഉയർത്തി തടയുകയും തണുപ്പിക്കാൻ ശ്രമിക്കുകയും ചെയ്തതിനാൽ മുഖാമുഖമുള്ള ഏറ്റുമുട്ടൽ ഒഴിവായി. ബഹളം കാരണം സഭ കുറച്ചു നേരത്തേക്ക് നിറുത്തിവയ്ക്കുകയും ചെയ്തു.

പിന്നീട് മുക്കാൽ മണിക്കൂർ കഴിഞ്ഞാണ് സഭ കൂടിയത്. കുഞ്ഞാലിക്കുട്ടിക്ക് എതിരായും അനുകൂലമായും റജീന എന്ന പെൺകുട്ടി മൊഴി പറഞ്ഞതിലൂടെ കുഞ്ഞാലിക്കുട്ടി ഈ കേസിൽ ഉൾപ്പെട്ടതായി ജനങ്ങളുടെ മനസ്സിൽ തെളിയിക്കപ്പെട്ടതായാണ് താൻ പറഞ്ഞതെന്ന് ശൈലജ വിശദീകരിച്ചു.

കുഞ്ഞാലിക്കുട്ടി പ്രതിയാണെന്ന് ശൈലജ പറഞ്ഞിട്ടില്ലെന്നും അങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിൽ അത് പരിശോധിച്ച് സഭാ രേഖകളിൽ നിന്ന് നീക്കം ചെയ്യുമെന്നും സ്പീക്കർ കെ. രാധാകൃഷ്ണൻ പറഞ്ഞു.

ROSE OPTICALS
PVT. LTD.
ROSE CARE
Customer Care :
98473 93120
Statue Road, Trivandrum-1.
Ph : 0471 2473951
e-mail: mail@roseopticals.com
www.roseopticals.com

സ്വർണം

8 ഗ്രാം 15,000
ഒരു ഗ്രാം 1,875

കാലാവസ്ഥ

മഴയ്ക്കു സാദ്ധ്യത
34.0° 23.9°

വിനിമയം

ഡോളർ	44.60	45.13
പൗണ്ട്	71.65	72.65
ദിർഹം	11.76	

തലവര

പ്രവീൺകുമാറിന് പരിക്ക്, ശ്രീശാന്ത് ലോകകപ്പ് ടീമിൽ



കുടോത്രം ചിലർക്ക് ചിലകാലമൊത്തിടും...